# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.20 05.03.2012-ലെ മറുപടിക്ക്**

### നദീജല കരാറുകൾ

**ചോദ്യം**
ശ്രീ. റ്റി.എ.അഹമ്മദ് കബീർ
ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി
ശ്രീ. കെ.എൻ.എ. ഖാദർ
ശ്രീ. സി.മമ്മൂട്ടി

**മറുപടി**
ശ്രീ. ഉമ്മൻ ചാണ്ടി
(ബഹു.മുഖ്യമന്ത്രി)

| | |
|---|---|
| (എ) പൂർണ്ണമായും കേരളത്തിന്റേതായ നദികളിലെ ജലം പങ്കിടുന്നതു സംബന്ധിച്ച്, കേരള സംസ്ഥാനം നിലവിൽ വന്നശേഷം തമിഴ്നാടുമായി ഉണ്ടാക്കിയിട്ടുള്ള കരാറുകളെ സംബന്ധിച്ച വിശദവിവരം നൽകാമോ;<br>(ബി) ഏതൊക്കെ നദികളുമായി ബന്ധപ്പെട്ടാണ് ഈ കരാറുകൾ ഉണ്ടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br>(സി) ഈ കരാറുകൾ സംസ്ഥാന താൽപര്യത്തിന് പ്രാധാന്യം നൽകാതെ തമിഴ്നാടിന് കൂടുതൽ സൗകര്യ പ്രദമായ വിധത്തിലായിരുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(എ) യും (ബി) യും (സി) യും** പൂർണ്ണമായും കേരളത്തിന്റേതായ പെരിയാർ നദിയിലെ ജലം പങ്കിടുന്നതു സംബന്ധിച്ച് കേരള സംസ്ഥാനം നിലവിൽ വന്നശേഷം 1970-ൽ രണ്ട് സപ്ളിമെന്റൽ കരാറിലൂടെ ഭേദഗതി ചെയ്തിട്ടുണ്ട്. |
| (ഡി) ഈ കരാർ വ്യവസ്ഥകൾ തമിഴ്നാടധികൃതർ പാലിക്കാൻ തയാറാകുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(ഡി)** ഇല്ല |

| | |
|---|---|
| (ഇ) വ്യവസ്ഥാ ലംഘനത്തിനെതിരെ കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ള പരിഹാര നടപടികൾ എന്തൊക്കെയാണ്;<br><br>(എഫ്) ഇതനുസരിച്ച് കരാർ ലംഘനത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; നടപടി സ്വീകരിക്കാൻ തക്കവിധത്തിലുള്ള കരാർ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ? | **(ഇ)& (എഫ്)**<br>1886 -ലെ പെരിയാർ ലീസ് ഡീഡിൽ (Periyar Lease Deed) വ്യവസ്ഥാ ലംഘനത്തിന് പ്രത്യേകിച്ച് പരിഹാര നടപടികൾ ഒന്നും തന്നെ പ്രതിപാദിക്കുന്നില്ല. എന്നാൽ കരാറിലെ വ്യവസ്ഥകൾ, കരാറിൻെറ ഘടന, കക്ഷികളുടെ അവകാശങ്ങളും കർത്തവ്യങ്ങളും, ബാധ്യതകളും തുടങ്ങിയവ സംബന്ധിച്ച് സംസ്ഥാനങ്ങൾക്ക് എന്തെങ്കിലും തർക്കമോ സംശയമോ ഉണ്ടാകുന്ന പക്ഷം, പ്രസ്തുത കാര്യം രണ്ട് ആർബിട്രേറ്റർമാരുടെയോ അവർ നിർദ്ദേശിക്കുന്ന അംമ്പയരുടെയോ മുമ്പാകെ സമർപ്പിച്ച് പരിഹാരം തേടാവുന്നതാണ്. |

സെക്ഷൻ ഓഫീസർ